# <u>സ്കൂട്ടർ യാത്രക്കാരിയെ മർദ്ദിച്ച സ്ത്രീ അറസ്റ്റിൽ</u>

വണ്ടിക്ക് സൈഡ് കൊടുത്തിലെന്ന് പറഞ്ഞ് സ്കൂട്ടർ യാത്രക്കാരിയെ മർദ്ദിച്ച കേസിൽ കോടുശേരി പൊന്നാടത്ത് വീട്ടിൽ സിഫ്സി (കൊച്ചുത്രേസ്യ 48) യെ അങ്കമാലി പോലിസ് അറസ്റ്റ് ചെയ്തു. ശനിയാഴ്ച രാവിലെ 11 മണിയോടെ ടി.ബി ജംഗ്ഷനിലായിരുന്നു സംഭവം. ആക്രമണത്തിൽ പരിക്കേറ്റ യാത്രക്കാരിയെ ആസ്പത്രിയിൽ പ്രവേശിപ്പിച്ചു.